ܡܠܢܟܪܐ ܝܥܩܘܒܝܐ ܣܘܪܝܝܐ ܡܕܪܫܬܐ ܕܒܝܬܐ ܕܡܫܝܚܐ

MALANKARA JACOBITE SYRIAN SUNDAY SCHOOL ASSOCIATION

(Under the Holy Apostolic See of Antioch and All the East) **Reg. No. ER/308/07**

Circular to All Sunday Schools and Co-workers
Website : www.mjssa.in
Email : mjssahq@gmail.com

M.J.S.S.A. HEAD QUARTERS,
Puthencruz P.O., Ernakulam District,
Kerala state, Pin - 682 308,
Phone : 0484 - 2730150, 80781 57150
General Secretary : 9446138868 (Personal)

Circular No.: M/C/06/ 2023

04-09-2023

കർത്താവിൽ പ്രിയ സഹപ്രവർത്തകരെ,

2023 ജൂലൈ 24,25,26 തീയതികളിൽ കൂടിയ ഡയറക്ടർ/ഇൻസ്പെക്ടർമാരുടെ ഓൺലൈൻ മീറ്റിംഗ് തീരുമാനമനുസരിച്ച് സെപ്റ്റംബർ ഓക്ടോബർ, നവംമ്പർ, മാസങ്ങൾ ആത്മദീപം പ്രചരണ മാസങ്ങളായി ക്രമീകരിച്ചിരിക്കുന്ന വിവരം എല്ലാവർക്കും അറിവുള്ളതാണല്ലോ. ഡിസ്ട്രിക്റ്റ്, ഭദ്രാസന തലത്തിൽ ഓർഗനൈസർമാരെ വിളിച്ചു കൂട്ടി വേണ്ട ക്രമീകരണങ്ങൾ ചെയ്യുമല്ലോ. ഓർഗനൈസർമാരും അതാതു ഭാരവാഹികളും പള്ളികൾ സന്ദർശിച്ച് ഇടവകകളിലേയ്ക്ക് ഇറങ്ങിച്ചെന്ന് പ്രചരണ മാസത്തിൽ ആത്മദീപം വരിക്കാരെ ചേർക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണമേ. ഇടവക പള്ളികളിലെ പെരുന്നാൾ ആഘോഷത്തിന്റെ നാളുകളിൽ "ഒരു വീട്ടിൽ ഒരാത്മദീപം" എന്ന മുദ്രാവാക്യം മുൻനിർത്തി ഓർഗനൈസർമാർ സഹഅദ്ധ്യാപകരെ കൂടെ കൂട്ടി പ്രവർത്തിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. പ്രസ്ഥാനത്തിന്റെ മുഖപത്രമായ ആത്മദീപം നിലനിർത്തേണ്ടത് നമ്മൾ ഏവരുടേയും, ആവശ്യവും, ആഗ്രഹവുമാണല്ലോ. ആയതിനായി കൈ,മെയ് മറന്ന് നല്ല പ്രവർത്തനം കാഴ്ചവെയ്ക്കുവാൻ കൂട്ടുവേലക്കാരായ നിങ്ങൾക്കെല്ലാവർക്കും ഇടയാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

എം.ജെ.എസ്.എസ്.എ. കലോത്സവം 2023 ആരംഭം കുറിച്ചിരിക്കുന്ന ഈ നാളുകളിൽ മത്സരം കുറ്റമറ്റ രീതിയിൽ അതാതു തലങ്ങളിൽ നടത്തുവാൻ പ്രാർത്ഥിച്ചു പ്രവർത്തിക്കുമല്ലോ.

ജെ.എസ്. വി.ബി.എസ് - 2024 ചിന്താവിഷയം **"നാം വാഗ്ദത്തത്തിന്റെ സന്താനങ്ങളാകുന്നു."** **ഗലാത്യർ 4:28** അടിസ്ഥാനമാക്കി പാട്ടുകൾ തയ്യാറാക്കി 2023 ഒക്ടോബർ 15 ന് മുമ്പായി എം.ജെ.എസ്.എസ്.എ.യിൽ കിട്ടുവാൻ തക്കവിധം അയച്ചു തന്ന് സഹായിക്കുമല്ലോ. പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾക്ക് നാളിതുവരെ പ്രവർത്തിച്ചു സഹായിച്ചവരെ നന്ദിയോടെ ഓർക്കുമ്പോൾ തന്നെ മുമ്പോട്ടുള്ള പ്രവർത്തനങ്ങൾക്ക് എല്ലാവിധ കൈത്താങ്ങലുകളും പ്രാർത്ഥനാ സഹായങ്ങളും നൽകുവാൻ കൂട്ടുവേലക്കാരായ എല്ലാവരോടും വിനയത്തോടെ അഭ്യർത്ഥിക്കുന്നു. വാർഷീക പരീക്ഷയുടെ ക്രമീകരണങ്ങൾ നടന്നു വരുന്നു. സെപ്റ്റംബർ 15 ന് മുമ്പ് മാനുവലായി X, XI, XII ക്ലാസ്സുകളിലെ രജിസ്ട്രേഷൻ പൂർത്തിയാക്കുവാൻ ഇൻസ്പെക്ടർമാർ ശ്രദ്ധിക്കുമല്ലോ. എല്ലാ പ്രവർത്തനങ്ങളുടേയും നല്ല നടത്തിപ്പിനായി പ്രാർത്ഥിക്കണമേ.

കർത്താവിൽ എളിയ ശുശ്രൂഷകൻ

Alias.

പി. വി. ഏലിയാസ്
ജനറൽ സെക്രട്ടറി
9446138868, 9526870749